സംസ്ഥാന ഗവൺമെന്റിന്റെ ക്യാഷ് ബാലൻസ്

11 [186] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മെയ് മാസത്തിന് ശേഷം സംസ്ഥാന ഗവൺമെന്റിന് ക്യാഷ് ബാലൻസ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തീയതികളിലെന്ന് വ്യക്തമാക്കാമോ;

(ബി) 5-11-2004, 15-1-2005 എന്നീ തീയതികളിലെ ക്യാഷ് ബാലൻസ് എത്രയായിരുന്നു;

(സി) 2001 മെയ് മാസത്തിന് ശേഷം ഇതേവരെ വെയ്സ് ആന്റ് മീൻസ് അഡ്വാൻസും, ഓവർഡ്രാഫ്റ്റും എടുക്കേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും എത്ര തവണ എടുക്കേണ്ടതായിവന്നു;

(ഡി) മൊത്തം എത്ര കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ കാലയളവിൽ എടുത്ത ഓവർഡ്രാഫ്റ്റിന് മൊത്തം എത്ര കോടി രൂപ പലിശ നൽകിയെന്ന് അറിയിക്കാമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെയ്സ് ആന്റ് മീൻസ് അഡ്വാൻസും, ഓവർഡ്രാഫ്റ്റും എടുക്കേണ്ടതായിവന്നിട്ടുണ്ടോ; എങ്കിൽ എത്ര തവണയെന്നും മൊത്തം എന്തു തുകയെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. 20-6-2001, 15-1-2003 മുതൽ 20-1-2003 വരെ, 13-5-2003, 14-5-2003, 19-6-2003 മുതൽ 26-6-2003 വരെ, 16-8-2003 മുതൽ 28-6-2003 വരെ, 23-6-2004 മുതൽ 25-6-2004 വരെ.

(ബി) റിസർവ് ബാങ്ക് നൽകിയ കണക്കനുസരിച്ച് സംസ്ഥാനം 5-11-2004-ൽ 395.12 കോടി രൂപ ഓവർഡ്രാഫ്റ്റിലും 15-1-2005-ൽ 141.17 കോടി രൂപ വെയ്സ് ആന്റ് മീൻസ് അഡ്വാൻസിലുമായിരുന്നു. ഈ ദിവസങ്ങളിൽ ക്യാഷ് ബാലൻസ് ഇല്ല.

(സി—എഫ്) 2001-2002, 2002-2003 സാമ്പത്തിക വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ അവസാന കണക്കിൻ പ്രകാരവും 2003-2004 സാമ്പത്തിക വർഷത്തെയും നടപ്പുസാമ്പത്തിക വർഷം 31-12-2004 വരെയുള്ള റിസർവ് ബാങ്ക് നൽകിയ താൽക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ, 2001 ഏപ്രിൽ 1 മുതൽ 31-12-2004 വരെ 563 പ്രാവശ്യം വെയ്സ് ആന്റ് മീൻസ് അഡ്വാൻസും, 690 പ്രാവശ്യം ഓവർഡ്രാഫ്റ്റും എടുക്കുകയുണ്ടായി. മൊത്തം 10,15,019 ലക്ഷം രൂപയുടെ നോർമൽ വെയ്സ് ആന്റ് മീൻസ് അഡ്വാൻസും, 57,581 ലക്ഷം രൂപയുടെ സ്പെഷ്യൽ വെയ്സ് ആന്റ് മീൻസ് അഡ്വാൻസും 21,41,707.07 ലക്ഷം രൂപയുടെ ഓവർഡ്രാഫ്റ്റുമാണ് ഈ കാലയളവിൽ എടുത്തത്. ഈ കാലയളവിൽ 3135.43 ലക്ഷം രൂപ ഓവർ ഡ്രാഫ്റ്റിന് പലിശയായി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly